നർമം.

## കാലം പോയ പോക്കേ!

ജോൺ ഇളമത.

ഈ അടുത്ത കാലത്തൊരു തമാശ ഉണ്ടായി.പള്ളിയിൽ വച്ച് വാർദ്ധ്യ കൃത്തിലേക്ക് ഇഴഞ്ഞു നീങ്ങുന്ന ഒരു പുള്ളിക്കാരൻ,മുഖവുര കൂടാതെ എന്നോടു ചോദിച്ചു:

നിങ്ങളും കൊച്ചിനെ നോക്കാൻ വന്നതാണോ?

അപ്പോഴങ്ങനെ പറയാനാ തോന്നിയത്!ങാ,അങ്ങനാ വന്നത്,കുറേ കഴിഞ്ഞപ്പം എനിക്ക് സ്വന്ത മായി കൊച്ചുങ്ങളുണ്ടായി.

ങേ, വയസ്സു കാലത്തോ?,അതെങ്ങനെ സംഭവിച്ചു!

ആട്ടെ,നിങ്ങളു കൊച്ചിനെ നോക്കാൻ വന്നതാണോ?

വാസ്തവത്തി അതായിരുന്നു ആരംഭം.എന്നാലവളു പോയി!

ആര്?

എൻെറ ഭാര്യ,ചിന്നമ്മ!

എങ്ങനെ?

എൻെറ ചെങ്ങാതി,അവക്ക് വയസ്സുകാലത്ത്,ഇംഗ്ലീഷി പറഞ്ഞാലൊരു ലിറ്റൽ എക്സൈറ്റ്മെൻറ്!

എന്തോന്ന്?

ഒരു പൂതിയിളക്കം.ഞാൻ പഴഞ്ചനാണന്നൊരു തോന്നൽ!ഒരിക്കൽ ഭാര്യ മരിച്ച് ആശ്വാസം കണ്ടെത്താനെത്തിയ ഒരു തൈക്കിളവനെ അവൾ,ഒരു പാർട്ടിക്കു പോയപ്പം കണ്ടങ്ങിഷ്ട്ടപ്പെട്ടു.ആ ഇഷ്ടമങ്ങു മൂത്ത്,ഇപ്പോഴവള് അയാടൊപ്പം,അയാടെ മകടെ വീട്ടിലാ താമസം.മകളും,മരുമോനും,അതിനു വേണ്ട ഒത്താശ്ശേം കൊടുത്തു.എന്തിനാന്നാ!വാസ്തവത്തി അയാടെ സങ്കടം തീർക്കാനല്ല മൂപ്പിലാനെ കൊണ്ടുവന്നത്,അവർക്കൊള്ള മൂന്ന് കൊച്ചുങ്ങളെ നോക്കാനാ കൊണ്ടുവന്നത്.ഇതിയനെന്നാ കുഞ്ഞുങ്ങളെ നോക്കി പരിചയമൊണ്ടോ?മൂത്തേന് നാല്,,പിന്നെ രണ്ട്,എളേതിന് എട്ടുമാസം!

പാർട്ടിക്ക് എന്നെ കണ്ടപ്പം അയാടെ മോക്കൊരു വെളിപാട്!

അവളെന്നോട് ഒതുക്കത്തിലൊരു ചോദ്യം?

അച്ചായാ,അമ്മച്ചിയെ ഇടക്കൊക്കെ ഞങ്ങടെ വീട്ടിലേക്കൊന്നു വിടാമോ?

എന്തോത്തിനാ?

അതേ,ഞങ്ങടപ്പച്ചന് ഒരു ഇൻസർവ്വീസു കൊടുക്കാനാ!

എന്തിൻസർവ്വീസ്?

അമ്മച്ചി മരിച്ചപ്പം,അപ്പച്ചന് ഒരാശ്വസം വന്നോട്ടേന്നു കരുതി വരുത്തിയതാ.എന്നാലിനി ഒറ്റക്കു നാട്ടിപോയിട്ട് എന്തോടുക്കാനാ.ഇനി ശിഷ്ടം ഇവിടങ്ങു കഴിയട്ടെന്ന് എൻെറ ഭർത്താവ് മാത്തുക്കുട്ടീടേം അഭിപ്രായം.അപ്പോ പിന്നെ ഞാൻ,പിള്ളേരെ നോക്കി വീട്ടി നിക്കാതെ ഒള്ളടത്തോ ളം കാലം കാശൊണ്ടാക്കിയാ,ഞങ്ങക്കു നേരത്തെ റിട്ടയാർഡാകാമല്ലോ എന്നൊരു തോന്നൽ! അപ്പോ പിന്നെ,അപ്പച്ചൻ വെറുതേ വീട്ടി നിന്ന് ബോറടിക്കണ്ടാ എന്നൊരു തോന്നൽ.വല്ല്യപ്പച്ചനല്ലേ കൊച്ചുങ്ങളെ കളിപ്പിച്ചോണ്ട് വീട്ടിലിരിക്കട്ടെ എന്നൊരു തോന്നൽ!അപ്പോ പിന്നെ ഇതുവരെ കൊച്ചുങ്ങളെ നോക്കീട്ടില്ലാത്ത അപ്പച്ചന്,അമ്മച്ചി വന്ന് ഒന്നു രണ്ടാഴ്ച ചില്ലറ ഇൻസർവ്വീസു കൊടുത്താലോ എന്നൊരാലോചന!

ആലോചന കേട്ട് ഞാനൊന്ന് ഞെട്ടി,എന്തോരാലോചന!പുഴുക്ക നെല്ല് വാപൊളിക്കും മാതിരി ഞാനിരുന്നു.പച്ചവെള്ളം ചവച്ചു കുടിക്കുന്ന ശുദ്ധനായ എൻെറ മനസ്സൊന്നു പാളി!ചേതമില്ലാത്ത ഒരു ഉപകാരം!എങ്കിലും,അത്രക്കു വേണോ!

അച്ചായനെന്താ മിണ്ടാത്തെ,ഒരു പരസഹായം അത്രതന്നെ.

അതേ,അതേ,അതിനെന്താ!,അങ്ങനെ പറയാനാണന്നേരം തോന്നിയത്.എന്നാ ലത്,ചക്കിനു വെച്ചതു കൊക്കിനെന്ന പോലായി.ആ തൈക്കിളവൻെറ പിള്ളേര്,ഇന്ത്യക്കു ബ്രമ്പ വച്ച സൈസുകളാരുന്നെന്ന് പാവപ്പെട്ട എനിക്കു മനസ്സിലായി വന്നപ്പോൾ,ഞാൻ,അണ്ടി കളഞ്ഞ അണ്ണാനെ പോലയായി!,എന്നുവെച്ചാൽ എൻെറ ഭാര്യ,ചിന്നമ്മെ മാനിപ്പുലേറ്റ് ചെയ്ത് അങ്ങേരടെ മോളും,മരുമോനും കൂടങ്ങടിച്ചുമാറ്റി.

എന്തോന്നിനാ?അവരു വക്രബുദ്ധിക്കാരാ!നാട്ടീന്നു വന്ന ഒരു മൂപ്പിലാൻ പി

ള്ളേരെ നോക്കിയാലെ സ്ഥിതി അറിയാലോ!പിള്ളേർക്ക്,പാലും,വെള്ളോം,ഭക്ഷണോം മൊറക്കു കൊടുത്തില്ലേ ആരറിയാനാ!എന്നാ ഡൈയിപ്പറു വേണ്ട സമയത്തു മാറിയില്ലങ്കി,സംഗതി അറിയാലോ!,നാറ്റം,പിന്നെ ഷിറ്റു കൊണ്ടൊരാറാട്ട്!ഒരാഴച മൂപ്പിലാനോട് വിസ്തരിച്ചു പറഞ്ഞൊരു ട്രൈയലു നടത്തിയാ,പറഞ്ഞിട്ടെന്തുകാര്യം! പിന്നേം ശങ്കരൻ തെങ്ങേല്!അപ്പോ ആ കപ്പിളു കണ്ടു പിടിച്ച സൂത്രമാ,എൻെറ ഭാര്യ ചിന്നമ്മേം,അയാളേം തമ്മിലടുപ്പിക്കുക.അതുമിതും പറഞ്ഞവരതൊപ്പിച്ചു.'മാനിപ്പുലേഷൻ',പെണ്ണല്ലേ,വയസ്സായീന്ന് പറഞ്ഞിട്ട് കാര്യോന്നില്ല.എന്നേം ,അവരടെ അപ്പച്ചനേം തമ്മിലാരു താരതമ്യ സ്റ്റഡി,സംഗതി കുറിക്കു കൊണ്ടു.

എങ്ങനെ?

എന്തിനും ഒരു കാരണം വേണോല്ലോ!ങ്ങാ,അങ്ങനൊരു കാരണോം ഒണ്ടായി,വെറു മൊരു ഒടക്ക്!ഒരിക്ക അവരടെ വീട്ടി ഒരു പാർട്ടിക്കു പോയപ്പം,ഞാനിച്ചിരെ വിസ്ക്കിയടിച്ച് ഫിറ്റായി.അവരടെ വിസിറ്റിങ് റൂമിലൊരു വാളുവെച്ചു പോയി.ഇതിനു മുമ്പും വാളുവെച്ചിട്ട് പ്രതികരിക്കാത്ത എൻെറ ഭാര്യ,ചിന്നമ്മേ ആ എരണം കെട്ട യുവകപ്പിൾസ്,നിമിഷ നേരം കൊണ്ട് മാനിപ്പുലേറ്റ് ചെയ്ത് അവരടെ വശത്താക്കി.

അതുവരെ ഇല്ലാത്തൊരു മാറ്റം,ചിന്നമ്മക്ക്!അവൾ ആവേശം പൂണ്ടു

ഞാൻ മടുത്തു,ഇത്രനാളും സഹിച്ചു,ക്ഷമിച്ചു,നോക്കിക്കേ ഇവിടൊള്ളേരെ! കള്ളു കുടിച്ച്,കരിങ്കല്ലു പോലെ നിക്കും,നിങ്ങളു രണ്ടെണ്ണം വിട്ടാ,തറയാ,ശുദ്ധതറ!

അപ്പോഴും,ഞാനോർത്തില്ല,ഇതൊരു കൂറുമാറ്റത്തിൻെറ പരസ്യപ്രസ്താവന എന്ന്!

പിറ്റേന്ന് ചിന്നമ്മ,അവളുടെ ജംങ്കമ സാധനങ്ങൾ,കെട്ടി പെറുക്കുന്നതു കണ്ട് എൻെറ മോൻ ചോദിച്ചു:

അമ്മ,ഇതെങ്ങോട്ടേക്കൊള്ള പൊറപ്പാടാ?

നിൻെറപ്പനെ ഞാൻ മടുത്തു.ഇത്രനാളും ചൊമന്നു,ഇനി വയ്യാ,നോക്ക് ആ സൂസീടപ്പച്ചൻ,ഇത്തോക്കോച്ചനെ!എന്നാ കള്ളും കുടിക്കും,കുടിച്ചാലോ കരിങ്കല്ലു പോലെ നിക്കും ,എത്ര മാന്യൻ!ഞാനവടെ ചെന്നാ,കാപ്പി ഞാനിരിക്കുന്നിടത്തു കൊണ്ടത്തരും.മുഷിപ്പും,ദേഷ്യവും കാട്ടാതെ സരസമായി വർത്തമാനം പറേം.അയാടെ പുഞ്ചിരി കാണാൻ തന്നെ എന്തൊരു ചന്തം! അല്ലാതെ നിൻെറ അപ്പൻെറ മോന്ത പോലല്ല,കടന്തലു കുത്തിയ പോലല്ല..അതുകൊണ്ട് ഞാനൊന്നു തീരുമാനച്ചു,നിൻെറ അപ്പൻെറ കൂടൊള്ള പൊറപ്പു നിർത്തി,ഞാനാ സൂസീടെ മക്കളെ ടേക്കയറു ചെയ്യാൻ സ്ഥിരമായി നാനിയായിട്ടു പോവ്വാ!അവര് മാസാമാസം നല്ലോരു തൊകേം ഓഫറു ചെയ്തിട്ടൊണ്ട്.നിനക്കറിയാല്ലോ,സെക്കൻററി സ്കൂൾ ഹെഡ്മിസ്ട്രസ്സായി റിട്ടയാർഡു ചെ

യ്ത എനിക്ക് ഇയ്യാളേം,നിന്നേം,നിന്നെ കെട്ടിയോളേം,പിള്ളേരേം നോക്കി ഇവിടെ നക്കാപിച്ചക്ക് കിടെക്കണ്ട കാര്യമെന്തോന്നാ,സൂസീം,അവടെ ഭർത്താവ് മാത്തുക്കുട്ടീം,അവരടപ്പച്ചൻ,ഇത്തോക്കോച്ചനും,ചോദിക്കുന്നെ!അവരു പറേന്നെ ഇത് അമേരിക്കയാ!,ഇവിടെ സ്ത്രീ ഏതുപ്രായത്തിലും ,പുരുഷമേധാവിത്വത്തിന് അടിമപ്പെട്ടു കെടക്കേണ്ട കര്യോല്ലിന്ന്!

പെട്ടന്നൊരു കാർ വന്നു.സൂസീം,മാത്തുക്കുട്ടീം കൂടെ അതീന്നെറങ്ങി വന്ന്,എൻെറ ഭാര്യ ചിന്നമ്മേ,പിക്കപ്പു ചെയ്തൊണ്ടൊറ്റ പോക്ക്!

വാസ്വത്തിൽ,കൊച്ചിനെ നോക്കാൻ വന്ന ആ വൃദ്ധനായികൊണ്ടിരിക്കുന്ന അദ്ദേ ഹത്തിൻെറ കഥനകഥ എൻെറ കരളലിയിച്ചു.

അപ്പോൾ അയാൾ തുടർന്നു പറഞ്ഞു:

ങാ,ഇനിയിപ്പം എൻെറ ഇവിടുത്തെ ജോലി പോയി!

എൻെറ മോൻെറ ഭാര്യ ആലീസെന്നെ പിരിച്ചു വിട്ടു.

എങ്ങനെ?

അവളെനിക്ക് റിട്ടേൺ ടിക്കറ്റെടുത്തു,നാളെ തിരികെ പോവ്വാ,ഭാര്യ ഇല്ലാതെ അണ്ടി കളഞ്ഞ അണ്ണാനെ പോലെ!,അവരടെ കൊച്ചിനെ നോക്കാൻ എൻെറ ഭാര്യ ഇല്ലാത്ത അവസ്തേ ഞാൻ കൂടി അവർക്ക്,ഒരു ഭാരമാകുമെന്നാ,എൻെറ മാൻെറ ഭാര്യ ആലീസിൻെറ വാദം!

കഷ്ടം!ഞാൻ മൂക്കത്തു വിരൽ വെച്ചു,'അല്ലേ കാലം പോയ പോക്കേ്'!!